# 92/2025-M

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

| | |
|---|---|
| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 1 മണിക്കൂർ 30 മിനിട്ട് |
| പരമാവധി മാർക്ക് : 100 | |

A

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

DO NOT WRITE HERE

1. മാർത്താണ്ഡ വർമ്മയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനയേതാണ്?

   (i) 1809 ൽ കുണ്ടറ വിളംബരം നടത്തി

   (ii) 1741 ൽ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തി.

   (iii) തൃപ്പടിദാനം നടത്തിയ രാജാവാണ്

   (iv) 1721 ൽ ആറ്റിങ്ങൽ കലാപം നയിച്ച രാജാവാണ്.

   (A) i മാത്രം
   (B) ii ഉം iv ഉം
   (C) ii ഉം iii ഉം
   (D) iv മാത്രം

2. ചൈനീസ് വിപ്ലവവുമായി ബന്ധപ്പെട്ട സംഭവമേതാണ്?

   (A) കറുപ്പുയുദ്ധം
   (B) ബോസ്റ്റൺ ടീ പാർട്ടി
   (C) ടെന്നീസ് കോർട്ട് അസംബ്ലി
   (D) ഫെബ്രുവരി വിപ്ലവം

3. 'പഞ്ചശീല തത്വങ്ങൾ' എന്ന ഉടമ്പടിയിൽ ഒപ്പുവച്ച രാജ്യങ്ങൾ ഏതെല്ലാം?

   (A) ഇന്ത്യ - പാക്കിസ്ഥാൻ
   (B) ഇന്ത്യ - ശ്രീലങ്ക
   (C) ഇന്ത്യ - അഫ്ഗാനിസ്ഥാൻ
   (D) ഇന്ത്യ - ചൈന

4. എം.ടി. വാസുദേവൻ നായർക്ക് മരണാനന്തരം ലഭിച്ച ബഹുമതി ഏത്?

   (A) പത്മശ്രീ
   (B) പത്മഭൂഷൺ
   (C) പത്മവിഭൂഷൺ
   (D) ജ്ഞാനപീഠം

5. ഐക്യരാഷ്ട്ര സംഘടനയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനയേത്?

   (i) 1945 ഒക്ടോബർ 24 നാണ് നിലവിൽ വന്നത്

   (ii) 1949 നവംബർ 26 നാണ് നിലവിൽ വന്നത്

   (iii) നോർവെക്കാരനായ ട്രിഗ്വെലി ആണ് ആദ്യ സെക്രട്ടറി ജനറൽ

   (iv) രണ്ടാം ലോകയുദ്ധത്തിനുശേഷം നിലവിൽ വന്ന സംഘടനയാണിത്

   (A) ii ഉം iii ഉം ശരിയാണ്

   (B) i ഉം, iii ഉം, iv ഉം ശരിയാണ്

   (C) ii ഉം iv ഉം ശരിയാണ്

   (D) i മാത്രം ശരിയാണ്

6. 1857 ൽ നടന്ന ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ശരിയല്ലാത്ത പ്രസ്താവന ഏത്?

(A) മംഗൽ പാണ്ഡെയായിരുന്നു ആദ്യ രക്തസാക്ഷി

(B) ഹിന്ദു - മുസ്ലീം ഐക്യം സമരത്തിന്റെ പ്രധാന സവിശേഷത ആയിരുന്നു.

(C) കലാപശേഷം ഇന്ത്യയുടെ ഭരണച്ചുമതല ബ്രിട്ടീഷ് രാജ്ഞി നേരിട്ട് ഏറ്റെടുത്തു.

(D) ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം ആരംഭിച്ചത് ഝാൻസിയിലാണ്.

7. ട്രോപോസ്ഫിയറിലെ ഓരോ 165 മീറ്റർ ഉയരത്തിലും ഒരു ഡിഗ്രി സെൽഷ്യസ് എന്ന തോതിൽ താപനില കുറയുന്ന പ്രതിഭാസത്തെ വിളിക്കുന്ന പേര് ?

(A) ക്രമമായ താപനഷ്ട നിരക്ക്

(B) സംനയനം

(C) സംവഹനം

(D) പ്രതിഫലനത്വം

8. ഭൂമിയും ചന്ദ്രനും സൂര്യനും നേർരേഖയിൽ വരുമ്പോൾ രൂപപ്പെടുന്ന വേലി ഏത്?

(A) സപ്തമി വേലി

(B) വാവു വേലി

(C) വേലി ഇറക്കം

(D) മിശ്രിത വേലി

9. സുബൻസിരി നദി ഏത് നദിയുടെ പോഷക നദിയാണ്?

(A) ഗംഗ

(B) യമുന

(C) നർമ്മദാ

(D) ബ്രഹ്മപുത്ര

10. കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ജൈവ മണ്ഡല കേന്ദ്രം?

(A) മാന്നാർ കടലിടുക്ക്

(B) സുന്ദർബൻ

(C) നീലഗിരി

(D) നന്ദാദേവി

11. തൂവൽ രൂപത്തിൽ കാണപ്പെടുന്ന മേഘങ്ങളെ പറയുന്ന പേര് എന്ത്?

(A) സിറസ് മേഘങ്ങൾ

(B) സ്ട്രാറ്റസ് മേഘങ്ങൾ

(C) നിംബസ് മേഘങ്ങൾ

(D) ക്യുമലസ് മേഘങ്ങൾ

12. ഇന്ത്യയിൽ ആദ്യമായി ATM സ്ഥാപിച്ച ട്രെയിൻ ഏതാണ്?

(A) വന്ദേഭാരത്

(B) പഞ്ചവടി എക്സ്പ്രസ്സ്

(C) വേണാട് എക്സ്പ്രസ്സ്

(D) ഗരീബ് രഥ് എക്സ്പ്രസ്സ്

13. താഴെ തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്ന് മധ്യാങ്കം (Median) കണക്കാക്കുക?

| ക്രമനമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| മാർക്ക് | 28 | 32 | 26 | 62 | 44 | 18 | 40 |

(A) 28
(B) 32
(C) 40
(D) 62

14. ഹരിതവിപ്ലവത്തിന്റെ ഭാഗമായി ഇന്ത്യയിൽ നടപ്പിലാക്കിയ കൃഷോന്നതി യോജനയിലെ കുട പദ്ധതിയിൽ ഉൾപ്പെടുന്നത് ഏതെല്ലാം?

(i) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH)

(ii) രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)

(iii) നാഷണൽ മിഷൻ ഫോർ സസ്റ്റെയിനബിൾ അഗ്രികൾച്ചർ (NMSA)

(iv) നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ (NFSM)

(A) ii, iii മാത്രം
(B) ii, iii, iv മാത്രം
(C) i, iii, iv മാത്രം
(D) ഇവയെല്ലാം i, ii, iii, iv

15. ഇസ്രായേൽ - ഹമാസ് സംഘർഷ മേഖലയിൽ കുടുങ്ങിപ്പോയ ഇന്ത്യൻ പൗരന്മാരെ തിരിച്ചുകൊണ്ടു വരാനുള്ള ദൗത്യത്തിന്റെ പേരെന്താണ്?

(A) ഓപ്പറേഷൻ വിജയ്
(B) ഓപ്പറേഷൻ കൊക്കൂൺ
(C) ഓപ്പറേഷൻ ബ്ലൂ സ്റ്റാർ
(D) ഓപ്പറേഷൻ അജയ്

16. 2022-23 ബജറ്റിലെ സുപ്രധാന പദ്ധതിയായ പി.എം. ഗതിശക്തിയെ സംബന്ധിച്ച് താഴെപ്പറയുന്നവയിൽ ഏതെല്ലാം ശരിയാണ്?

(i) സാമ്പത്തിക വളർച്ചയ്ക്കും, സുസ്ഥിര വികസനത്തിനും വേണ്ടിയുള്ള പരിവർത്തന സമീപനം

(ii) ഇന്ത്യൻ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 മന്ത്രാലയങ്ങളും, വകുപ്പുകളും ഒരുമിച്ച് കൊണ്ടു വരുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം

(iii) 5 എഞ്ചിനുകളാൽ നയിക്കപ്പെടുന്നു.

(iv) റെയിൽവേ, റോഡ് ഗതാഗതം, ജലപാതകൾ തുടങ്ങി വിവിധ മേഖലകളെ കൂട്ടിയിണക്കിയുള്ള മൾട്ടിമോഡൽ കണക്ടിവിറ്റിയാണ് ലക്ഷ്യം.

(A) i, ii, iv മാത്രം
(B) i, iii, iv മാത്രം
(C) ii, iii, iv മാത്രം
(D) മുകളിൽ പറഞ്ഞവയെല്ലാം

17. താഴെത്തന്നിരിക്കുന്ന RBI യുടെ പോളിസി, കരുതൽ അനുപാത നിരക്കുകളിൽ (2023 - ഒക്ടോബർ പ്രകാരം) തെറ്റായത് ഏത്?

(A) റിപ്പോനിരക്ക് - 6.50%

(B) മാർജിനൽ സ്റ്റാഡിംഗ് ഫസിലിറ്റി നിരക്ക് - 6.75%

(C) ക്യാഷ് റിസർവ് റേഷ്യോ - 4.50%

(D) ബാങ്ക് നിരക്ക് - 5.25%

18. പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ കർഷകർ തങ്ങളുടെ ഉല്പന്നങ്ങൾ നേരിട്ട് കമ്പോളത്തിലെത്തിക്കുന്നതിന് പറയുന്ന പേര്?

(A) ഹഡാസ്പർ മാണ്ഡി

(B) രയതു ബസാർ

(C) അപ്നി മാണ്ഡി

(D) ഉഴവർ സന്ധി

19. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമിതിയുടെ അധ്യക്ഷൻ ആരായിരുന്നു?

(A) ജവഹർലാൽ നെഹ്റു

(B) സർദാർ വല്ലഭായ് പട്ടേൽ

(C) ഡോ. രാജേന്ദ്ര പ്രസാദ്

(D) ഡോ. B.R. അംബേദ്കർ

20. ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആർട്ടിക്കിൾ ഏത്?

(A) അനുഛേദം 17

(B) അനുഛേദം 32

(C) അനുഛേദം 25

(D) അനുഛേദം 19

21. ഇന്ത്യൻ ഭരണഘടനയിൽ മൗലികചുമതലകൾ ഉൾപ്പെടുത്തിയത് ഏത് ഭരണഘടനാ ഭേദഗതി പ്രകാരമാണ്?

(A) 42 (B) 44

(C) 52 (D) 74

22. രാജ്യസഭയെ സംബന്ധിച്ച ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

1. ഇന്ത്യൻ പാർലമെന്റിന്റെ ഉപരിസഭയാണ്

2. രാജ്യസഭയിൽ 250 അംഗങ്ങളാണുള്ളത്

3. ഉപരാഷ്ട്രപതിയാണ് രാജ്യസഭയുടെ അധ്യക്ഷൻ

(A) 1 & 2
(B) 2 & 3
(C) 1 & 3
(D) All the above

23. പ്രാദേശിക ഗവൺമെന്റുകൾ ഏത് ലിസ്റ്റിൽ പെടുന്നു?

(A) സ്റ്റേറ്റ് ലിസ്റ്റ്
(B) യൂണിയൻ ലിസ്റ്റ്
(C) കൺകറന്റ് ലിസ്റ്റ്
(D) അവശിഷ്ട അധികാരങ്ങൾ

24. സുപ്രീം കോടതിയുടെ ഉപദേശകാധികാരം ആർക്കുവേണ്ടിയാണ് വിനിയോഗിക്കുന്നത്?

(A) ചീഫ് ജസ്റ്റിസ്
(B) രാഷ്ട്രപതി
(C) പ്രധാനമന്ത്രി
(D) ഗവർണർ

25. നിർദ്ദേശക തത്വങ്ങൾ എന്ന ആശയം ഇന്ത്യൻ ഭരണഘടനാ സമിതി ഏത് രാജ്യത്തു നിന്നാണ് സ്വീകരിച്ചത്?

(A) ബ്രിട്ടീഷ് ഭരണഘടന
(B) അമേരിക്കൻ ഭരണഘടന
(C) ഐറിഷ് ഭരണഘടന
(D) ആസ്ട്രേലിയൻ ഭരണഘടന

26. ഇന്ത്യയിലെ ആദ്യത്തെ തെരഞ്ഞെടുപ്പ് കമ്മീഷണർ ആരായിരുന്നു?

(A) V.P. മേനോൻ
(B) സുകുമാർ സെൻ
(C) V. കൃഷ്ണമേനോൻ
(D) ഡോ. ഫസൽ അലി

27. ലോകത്തിലെ ഏറ്റവും ഉയരമുള്ള റെയിൽവേ പാലം ഏതാണ്?

(A) ഹൗറാ പാലം
(B) ചെനാബ് പാലം
(C) പാമ്പൻ പാലം
(D) ഗോദാവരി പാലം

28. സാമൂഹ്യ നീതി വകുപ്പിന്റെ പ്രതിഭ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരാണ്?
    (A) വയോജനങ്ങൾ
    (B) ഭിന്നശേഷിക്കാർ
    (C) സാമൂഹ്യ പ്രതിരോധം
    (D) ട്രാൻസ്ജെൻഡർ

29. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർമാൻ ആരാണ്?
    (A) മുഖ്യമന്ത്രി
    (B) റവന്യൂമന്ത്രി
    (C) ചീഫ്സെക്രട്ടറി
    (D) ഗവർണർ

30. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് നടത്തുന്നത് ——— ആണ്
    (A) ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ
    (B) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
    (C) സംസ്ഥാന ഗവൺമെന്റ്
    (D) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

31. ഇന്ത്യൻ വുമൺസ് പ്രീമിയർ ലീഗിൽ ഒരു മത്സരത്തിൽ 5 വിക്കറ്റ് സ്വന്തമാക്കിയ ആദ്യ ഇന്ത്യൻ താരം.
    (A) ആശ ശോഭന
    (B) സ്മൃതി മന്ഥാന
    (C) മിന്നു മണി
    (D) ഹർമൻ പ്രീത് കൗർ

32. എംഫിസീമ ഏത് അവയവത്തെ ബാധിക്കുന്ന ഒരു ജീവിതശൈലി രോഗമാണ്?
    (A) ശ്വാസകോശം
    (B) കരൾ
    (C) ഹൃദയം
    (D) മസ്തിഷ്കം

33. ഉറക്കത്തിന്റേയും ഉണർവ്വിന്റേയും താളക്രമം പാലിക്കുന്നതിന് സഹായിക്കുന്ന ഹോർമോൺ ഏതാണ്?
    (A) മെലാടോണിൻ
    (B) തൈറോക്സിൻ
    (C) ഓകിസിടോസിൻ
    (D) അഡ്രിനാലിൻ

34. തൈറോയ്ഡിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന ധാതു ഏതാണ്?

(A) കാൽസ്യം
(B) മഗ്നീഷ്യം
(C) അയോഡിൻ
(D) സോഡിയം

35. രോഗങ്ങളും അവയുടെ രോഗാണുക്കളും തന്നിരിക്കുന്നതിൽ തെറ്റായ ജോഡി ഏതാണ്?

(A) പ്രോട്ടോസോവ - മലമ്പനി

(B) ബാക്ടീരിയ - ക്ഷയം

(C) വൈറസ് - ന്യുമോണിയ

(D) ഫംഗസ് - വട്ടച്ചൊറി

36. ഓസോൺ പാളിയെക്കുറിച്ച് തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാമാണ്?

(i) ഓസോൺപാളിയുടെ ഭൂരിഭാഗവും ട്രോപോസ്ഫിയറിലാണ് കാണപ്പെടുന്നത്

(ii) ക്ലോറോഫ്ലൂറോ കാർബണുകൾ (CFCS) ഓസോൺ പാളിയുടെ ശോഷണത്തിന് കാരണമാകുന്നു.

(iii) സൂര്യന്റെ അൾട്രാവയലറ്റ് വികിരണങ്ങളിൽ നിന്ന് ഓസോൺ ഭൂമിയിലെ ജീവനെ സംരക്ഷിക്കുന്നു

(A) i & ii മാത്രം

(B) ii & iii മാത്രം

(C) i & iii മാത്രം

(D) i, ii & iii എല്ലാം ശരിയാണ്

37. പെല്ലാഗ്ര ഏത് ജീവകത്തിന്റെ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗമാണ്?

(A) ജീവകം B1
(B) ജീവകം B2
(C) ജീവകം B3
(D) ജീവകം B7

38. ഒരു ലെൻസിന്റെ പവർ +2.5D ആണ്. ഇത് ഏതു ലെൻസ് ആണ്? ഇതിന്റെ ഫോക്കസ് ദൂരം എത്ര?

(A) കോൺവെക്സ് ലെൻസ്, 25 cm

(B) കോൺകേവ് ലെൻസ്, 40 cm

(C) കോൺവെക്സ് ലെൻസ്, 40 cm

(D) കോൺകേവ് ലെൻസ്, 25 cm

39. താഴെപ്പറയുന്നവയിൽ ഏതിലാണ് ശബ്ദത്തിന്റെ വേഗത ഏറ്റവും കൂടുതൽ

(A) വായു
(B) ശൂന്യത
(C) വെള്ളം
(D) സ്റ്റീൽ

40. പ്രതലബലം 'S' ഉം, ആരം 'R' ഉം ഉള്ള ഒരു സോപ്പുകുമിളയുടെ ഉള്ളിലുള്ള അതിമർദ്ദം

(A) $\frac{4S}{R}$
(B) 0
(C) $\frac{2S}{R}$
(D) $\frac{S}{R}$

41. ISRO യുടെ മൂന്നാമത്തെ ചാന്ദ്രദൗത്യമായ ചന്ദ്രയാൻ-3 ചന്ദ്രനിൽ ഇറങ്ങിയത്

(A) 2023 ജൂലൈ 14
(B) 2023 ആഗസ്റ്റ് 23
(C) 2023 സെപ്റ്റംബർ 15
(D) 2023 ആഗസ്റ്റ് 30

42. ലവണങ്ങളുടെ ജലീയ ലായനിയുടെ $P^H$ മൂല്യം താഴെ കൊടുത്തിട്ടുണ്ട്. ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) $NH_4Cl$ ജലീയ ലായനിയുടെ $P^H$ മൂല്യം7ൽ കുറവാണ്

(ii) $NaNO_3$ ജലീയ ലായനിയുടെ $P^H$ മൂല്യം7ൽ കൂടുതലാണ്

(iii) $CH_3COONa$ ജലീയ ലായനിയുടെ $P^H$ മൂല്യം7ൽ കൂടുതലാണ്

(A) ii & iii
(B) i & iii
(C) i, ii & iii
(D) i & ii

43. താഴെ കൊടുത്ത രാസപ്രവർത്തനങ്ങളിൽ റിഡോക്സ് പ്രവർത്തനം അല്ലാത്തത് ഏത്?

**(A)** $CH_4 + 2O_2 \xrightarrow{\Delta} CO_2 + 2H_2O$

**(B)** $2H_2O_2 \longrightarrow 2H_2O + O_2$

**(C)** $CaCO_3 \xrightarrow{\Delta} CaO + CO_2$

**(D)** $2NaH \xrightarrow{\Delta} 2Na + H_2$

44. കോളം I ലെ മൂലകങ്ങളെ കോളം II ലെ അവയുടെ പോളിങ്ങ് സ്കെയിലിലെ ഇലക്ട്രോനെഗറ്റിവിറ്റിയുമായി ചേരും പടി ചേർത്ത് എഴുതിയാൽ ശരിയായത് ഏത്?

| | I<br>മൂലകം | | II<br>ഇലക്ട്രോനെഗറ്റിവിറ്റി |
|---|---|---|---|
| a. | ബോറോൺ | 1. | 3 |
| b. | കാർബൺ | 2. | 1.5 |
| c. | നൈട്രജൻ | 3. | 2 |
| d. | ബെറിലിയം | 4. | 2.5 |

(A) a – 4, b – 3, c – 2, d – 1

(B) a – 2, b – 4, c – 1, d – 3

(C) a – 2, b – 1, c – 4, d – 3

(D) a – 3, b – 4, c – 1, d – 2

45. 2023ൽ രസതന്ത്രത്തിന് നോബൽ പ്രൈസ് ലഭിച്ച കണ്ടുപിടുത്തം ഏത്?

(A) മോളിക്യൂൾ ബിൽഡിങ്ങ്

(B) ക്വാണ്ടം ഡോട്സ്

(C) ജീനോം എഡിറ്റിംഗ്

(D) ക്രയോ ഇലക്ട്രോൺ മൈക്രോസ്കോപ്പി

46. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനയേത്?

(i) 1847-ൽ ഹെർമൻ ഗുണ്ടർട്ട് ആദ്യത്തെ മലയാളപത്രം, രാജ്യസമാചാരം ആരംഭിച്ചു.

(ii) മലയാളത്തിലെ രണ്ടാമത്തെ പത്രം പശ്ചിമോദയം ഹെർമൻ ഗുണ്ടർട്ട് 1847-ൽ ആരംഭിച്ചു.

(iii) ഹെർമൻ ഗുണ്ടർട്ട് ലണ്ടൻ മിഷൻ സൊസൈറ്റിയിൽ അംഗമായിരുന്നു

(A) i & ii

(B) ii & iii

(C) i & iii

(D) എല്ലാം ശരിയാണ് (i, ii & iii)

47. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

(i) ഫ്രാൻസിലെ പാരിസിൽ 2024ൽ നടന്ന ഒളിമ്പിക്സിൽ ഇന്ത്യ ഒരു വെള്ളി മെഡലും അഞ്ച് വെങ്കല മെഡലുമായി മെഡൽ പട്ടികയിൽ 71-ാം സ്ഥാനത്തായിരുന്നു

(ii) 2020-ലെ ടോക്കിയോ ഒളിമ്പിക്സിലും 2024 ലെ പാരിസ് ഒളിമ്പിക്സിലും പുരുഷ ഹോക്കി ടീമിൽ ഗോൾകീപ്പറായിരുന്നു മലയാളിയായ പി.ആർ ശ്രീജേഷ്.

(iii) ഭാരതത്തിലെ നാലാമത്തെ സിവിലിയൻ ബഹുമതിയായ പത്മശ്രീ 2019ലും മൂന്നാമത്തെ സിവിലിയൻ ബഹുമതിയായ പത്മഭൂഷൻ 2025ലും പി.ആർ. ശ്രീജേഷിനു ലഭിച്ചു.

(A) i & ii
(B) ii & iii
(C) i & iii
(D) എല്ലാം ശരിയാണ് (i, ii & iii)

48. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

(i) നാലപ്പാട്ട് നാരായണമേനോനും മുകുന്ദരാജയും ചേർന്ന് 1930ൽ കേരളകലാമണ്ഡലം തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയുടെ തീരത്ത് സ്ഥാപിച്ചു.

(ii) ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വംശനാശത്തിന്റെ വക്കിലെത്തിയ കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം മുതലായ കലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾക്ക് പ്രശസ്തമാണ് കേരള കലാമണ്ഡലം.

(iii) കേരള കലാമണ്ഡലത്തെ 2006-ൽ ഇന്ത്യാ ഗവൺമെന്റ് 'ഡീംഡ് യൂണിവേഴ്സിറ്റി' യായി പ്രഖ്യാപിച്ചു.

(A) i & ii
(B) ii & iii
(C) i & iii
(D) എല്ലാം ശരിയാണ് (i, ii & iii)

49. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(i) 2019 ലെ ജ്ഞാനപീഠ പുരസ്കാരത്തിന്റെ 55-ാമത് ജേതാവാണ് അക്കിത്തം അച്യുതൻ നമ്പൂതിരി

(ii) ''വെളിച്ചം ദുഃഖമാണുണ്ണീ
തമസല്ലോ സുഖപ്രദം'' - എന്നീ വരികൾ അക്കിത്തത്തിന്റെ ''ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസം'' എന്ന കൃതിയിൽ നിന്നുമാണ്.

(iii) ജ്ഞാനപീഠ പുരസ്കാരം മലയാളത്തിൽ ആദ്യമായി ലഭിച്ചത് ജി.ശങ്കരക്കുറുപ്പിനാണ്.

(A) i & ii
(B) ii & iii
(C) i & iii
(D) എല്ലാം ശരിയാണ് (i, ii & iii)

50. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(i) വക്കം അബ്ദുൾ ഖാദർ മൗലവി മലബാർ മുസ്ലിം മഹാസഭ രൂപീകരിച്ചു.

(ii) വക്കം അബ്ദുൾ ഖാദർ മൗലവി ''സ്വദേശാഭിമാനി'' പത്രത്തിന്റെ സ്ഥാപകൻ ആണ്.

(iii) സ്വദേശാഭിമാനി പത്രത്തിന്റെ എഡിറ്റർ ആയി പ്രവർത്തിച്ചിരുന്നത് കെ. രാമകൃഷ്ണ പിള്ളയാണ്.

(A) i & ii

(B) iii & i

(C) ii & iii

(D) എല്ലാം ശരിയാണ് (i, ii & iii)

51. ഒറ്റയാനെ കണ്ടെത്തുക

59, 69, 79, 89

(A) 59 (B) 69

(C) 79 (D) 89

52. 11 മുതൽ 49 വരെ ഉള്ള ഒറ്റ സംഖ്യകളുടെ തുക.

(A) 600 (B) 700

(C) 800 (D) 900

53. താഴെ തന്നിരിക്കുന്ന സംഖ്യകളുടെ മീഡിയൻ കാണുക.

4.20, 6.42, 3.16, 4.60, 2.12, 5.21

(A) 4.50 (B) 4.30

(C) 4.20 (D) 4.40

54. $\dfrac{(123-2)^{\frac{1}{2}}(78+3)^{\frac{1}{4}}}{(243)^{\frac{1}{5}}}$

(A) 10 (B) 11

(C) 12 (D) 13

55. "DOG = 274", "CAT = 358" ആയാൽ "GOAT =

(A) 4785 (B) 4578

(C) 4857 (D) 4758

56. $22\frac{1}{6}+7\frac{1}{6}-3\frac{1}{6}=$

(A) $26\frac{1}{6}$

(B) $27\frac{1}{6}$

(C) $28\frac{1}{6}$

(D) $29\frac{1}{6}$

57. ഒരു പരീക്ഷ പാസ്സാകാൻ 60% മാർക്ക് വേണം നീതുവിന് 180 മാർക്ക് കിട്ടി. നീതുവിന് പാസ്സാകാൻ 60 മാർക്കിന്റെ കുറവുണ്ട് എങ്കിൽ പരീക്ഷയുടെ ആകെ മാർക്ക് എത്ര?

(A) 350

(B) 400

(C) 450

(D) 500

58. ഒരു ക്ലോക്കിന്റെ മിനിറ്റ് സൂചിക്ക് 4 സെന്റിമീറ്റർ നീളമുണ്ട്. ക്ലോക്കിലെ സമയം 2 മണി 10 മിനിറ്റിൽ നിന്ന് 2 മണി 25 മിനിറ്റിലേക്ക് മാറിയാൽ മിനിറ്റ് സൂചിയുടെ അഗ്രം സഞ്ചരിച്ച ദൂരം എത്ര?

(A) 6.25 സെന്റിമീറ്റർ

(B) 6.26 സെന്റിമീറ്റർ

(C) 6.27 സെന്റിമീറ്റർ

(D) 6.28 സെന്റിമീറ്റർ

59. അരുൺ തന്റെ വീട്ടിൽ നിന്ന് നേരെ കിഴക്കോട്ട് 6 കിലോമീറ്റർ സഞ്ചരിച്ചു. അവിടെ നിന്ന് നേരെ വലത്തോട്ട് തിരിഞ്ഞ് 2 കിലോമീറ്റർ സഞ്ചരിക്കുന്നു. അതിനു ശേഷം നേരെ വലത്തോട്ട് തിരിഞ്ഞ് 12 കിലോമീറ്റർ സഞ്ചരിക്കുന്നു. അവിടെ നിന്ന് നേരെ ഇടത്തോട്ട് തിരിഞ്ഞ് 6 കിലോമീറ്റർ സഞ്ചരിക്കുന്നു എങ്കിൽ തന്റെ വീട്ടിൽ നിന്ന് എത്ര കിലോമീറ്റർ അകലെയാണ് അരുൺ ഇപ്പോൾ നിൽക്കുന്നത്?

(A) 10 കിലോമീറ്റർ

(B) 11 കിലോമീറ്റർ

(C) 12 കിലോമീറ്റർ

(D) 13 കിലോമീറ്റർ

60. Mohammed Nazeem
Nazriya Manzil
P.O. Box No. 10160
Navy Mumbai

തുല്യമായത് കണ്ടെത്തുക

(A) Mohammed Nazeem
Nazriya Mansil
P.O. Box No. 10160
Navy Mumbai

(B) Mohammed Nazeem
Nazriya Manzil
P.O. Box No. 10106
Navy Mumbai

(C) Mohammed Nazeem
Nazriya Manzil
P.O. Box No. 10160
Navy Mumbai

(D) Mohammed Naseem
Nazriya Manzil
P.O. Box No. 10160
Navy Mumbai

61. ഭാരതീയ ന്യായസംഹിത (BNS) നിലവിൽ വന്ന വർഷം?

(A) 2021
(B) 2022
(C) 2023
(D) 2024

62. (Offence) കുറ്റം എന്നതിന്റെ (BNS) അനുസരിച്ചുള്ള അർത്ഥം?

(A) എന്തെങ്കിലും നിയമ ലംഘനം
(B) നാണക്കേടുണ്ടാക്കുന്ന പ്രവർത്തനം
(C) (BNS) പ്രകാരം ശിക്ഷയ്ക്ക് വിധേയമായ പ്രവർത്തി
(D) വ്യക്തിയുടെ നിയമവിരുദ്ധ പ്രവർത്തി

63. (BNS) പ്രകാരം 'Trifiles' എന്നത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?

(A) ഗുരുതരമായ കുറ്റങ്ങൾ
(B) നിസ്സാരമായ, ശ്രദ്ധിക്കേണ്ടതില്ലാത്ത പ്രവർത്തികൾ
(C) പൊതു പ്രശ്നങ്ങൾ
(D) കോടതി നടപടികൾ

64. BNS -ൽ പുതുതായി ഉൾപ്പെടുത്തിയ ശിക്ഷാരീതി

(A) കഠിന തടവ്
(B) പിഴ ശിക്ഷ
(C) നാടുകടത്തൽ
(D) നിർബന്ധിത സാമൂഹ്യ പ്രവർത്തനം.

65. ഭാരതീയ ന്യായ സുരക്ഷാ സംഹിത (BNSS) പ്രകാരം summons അയക്കാൻ അധികാരമുള്ളത് ആർക്കാണ്?

(A) പോലീസ് ഇൻസ്പെക്ടർ
(B) കോടതികൾ
(C) ജില്ലാ കലക്ടർ
(D) നിയമസഭാ സ്പീക്കർ

66. BNSS വകുപ്പുകൾ 168-172 പ്രകാരമുള്ള നടപടികളുടെ പ്രധാന ലക്ഷ്യം എന്താണ്?

(A) കോടതിയുടെ അധികാരങ്ങൾ കുറയ്ക്കുക
(B) കുറ്റകൃത്യം സംഭവിക്കാതെ തടയുക
(C) ജാമ്യം നിഷേധിക്കാൻ വഴി ഒരുക്കുക
(D) വാറണ്ട് ഇല്ലാതെ അറസ്റ്റ് സാധ്യമാവുക.

67. (BNSS) പ്രകാരം പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യേണ്ടത് എത്ര സമയത്തിനുള്ളിൽ?

(A) 7 ദിവസത്തിനുള്ളിൽ
(B) ഉടൻ തന്നെ
(C) 24 മണിക്കൂറിനുള്ളിൽ
(D) മേധാവിയുടെ അനുമതിക്കുശേഷം

68. ഭാരതീയസാക്ഷ്യഅധിനിയം(BSA)പ്രകാരംഎവിഡൻസ്എന്നപദംനിർവ്വചിക്കുന്നത് ഏതു വകുപ്പിലാണ്?

(A) സെക്ഷൻ -1
(B) സെക്ഷൻ -2
(C) സെക്ഷൻ -3
(D) സെക്ഷൻ -4

69. സാക്ഷിയെ ചോദ്യം ചെയ്യാനുള്ള ക്രമം.

(A) Cross - Re-Chief
(B) Chief - Re - Cross
(C) Chief - Cross - Re
(D) Re - Chief - Cross

70. കേരള പോലീസ് ആക്ടിൽ പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തെക്കുറിച്ച് വിവരിക്കുന്നത് എവിടെയാണ്?

(A) സെക്ഷൻ -29
(B) സെക്ഷൻ -30
(C) സെക്ഷൻ -31
(D) സെക്ഷൻ -32

71. കേരള പോലീസ് ആക്ട് 98-ാം വകുപ്പ് പ്രകാരം സ്പെഷ്യൽ പോലീസ് ഓഫീസറെ നിയമിക്കുന്നത് ആരാണ്?

(A) ജില്ലാ കളക്ടർ
(B) ജില്ലാ ജഡ്ജി
(C) ജില്ലാ പോലീസ് മേധാവി
(D) ജില്ലാ മജിസ്ട്രേറ്റ്

72. കേരള പോലീസ് ആക്ട് 117-ാം വകുപ്പ് പ്രകാരം പോലീസിന്റെ ചുമതലകളിൽ ഇടപെടുന്നതിന് ഉള്ള പരമാവധി ശിക്ഷ

(A) 6 മാസം തടവ്
(B) 1 വർഷം തടവ്
(C) 2 വർഷം തടവ്
(D) 3 വർഷം തടവ്

73. വിവരാവകാശ നിയമത്തിൽ സെക്ഷൻ 11 പ്രകാരം, മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എപ്പോഴാണ് വെളിപ്പെടുത്താൻ കഴിയുക?

(A) മൂന്നാം കക്ഷിയുടെ സമ്മതത്തോടെ മാത്രം
(B) പൊതു വിവര ഓഫീസർ അത് പൊതുതാൽപ്പര്യമാണെന്ന് കരുതുകയും മൂന്നാം കക്ഷിക്ക് പ്രാതിനിധ്യം നൽകാൻ അവസരം നൽകുകയും ചെയ്താൽ
(C) കോടതി ഉത്തരവുകൾ പ്രകാരം മാത്രം
(D) ഒരിക്കലും, അത് കർശനമായി നിരോധിച്ചിട്ടില്ല.

74. ഐടി ആക്ട് സെക്ഷൻ 66F ഏത് സാഹചര്യത്തിലാണ് ചുമത്തുന്നത്:

(A) ഒരാൾ മറ്റൊരാളുടെ ഐഡന്റിറ്റി മോഷ്ടിക്കുകയും വ്യാജ പ്രൊഫൈൽ സൃഷ്ടിക്കുകയും ചെയ്യുന്നു.
(B) ഒരു വ്യക്തി സംരക്ഷിത സിസ്റ്റങ്ങളിലേക്ക് അനധികൃതമായി ആക്സസ് നേടുകയും ദേശീയ സുരക്ഷയെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.
(C) ഒരു വ്യക്തി ഇമെയിൽ വഴി സ്പാം സന്ദേശങ്ങൾ അയയ്ക്കുന്നു.
(D) ഒരു വെബ്സൈറ്റിൽ അശ്ലീല ഉള്ളടക്കം പ്രസിദ്ധീകരിക്കുന്നു.

75. ഒരു പത്രപ്രവർത്തകൻ കാബിനറ്റ് പേപ്പറുകളെക്കുറിച്ചുള്ള വിവരങ്ങൾ അഭ്യർത്ഥിക്കുന്നു, പക്ഷേ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നിരസിക്കുന്നു. ആർടിഐ നിയമത്തിലെ ഏത് വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ ഇളവ് ന്യായീകരിക്കാൻ സാധ്യത?

(A) വകുപ്പ് 8(1) (i)
(B) വകുപ്പ് 9
(C) വകുപ്പ് 2(f)
(D) വകുപ്പ് 11

76. ഐടി ആക്ട് 2000 67B വകുപ്പ് എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു:

(A) സൈബർ ഭീകരത

(B) അശ്ലീല ഉള്ളടക്കം പ്രസിദ്ധീകരിക്കൽ

(C) കുട്ടികൾ ഉൾപ്പെടുന്ന ലൈംഗികത പ്രകടമാക്കുന്ന ഉള്ളടക്കം പ്രസിദ്ധീകരിക്കൽ

(D) സ്വകാര്യതയുടെ ലംഘനം

77. എൻ ഡി പി എസ് നിയമപ്രകാരം, ഒരു വ്യക്തി മനഃപൂർവ്വം തന്റെ വീട്ടിൽ മയക്കുമരുന്ന് സൂക്ഷിക്കാൻ അനുവദിച്ചാൽ നിയമപരമായി എന്ത് സംഭവിക്കും?

(A) മയക്കുമരുന്ന് വ്യക്തിഗത ഉപയോഗത്തിനുള്ളതല്ലെങ്കിൽ അവർ ബാധ്യസ്ഥരല്ല

(B) വകുപ്പ് 27 പ്രകാരം അവർക്കെതിരെ കേസെടുക്കാം

(C) മയക്കുമരുന്ന് കുറ്റകൃത്യത്തിനായി പരിസരം ഉപയോഗിക്കാൻ അനുവദിച്ചതിന് വകുപ്പ് 25 പ്രകാരം അവർ ബാധ്യസ്ഥരാണ്

(D) സ്വത്തിന്റെ ഉടമയാണെങ്കിൽ മാത്രമേ അവർ ബാധ്യസ്ഥരാകൂ

78. ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഏതാണ് NDPS ആക്ടിന്റെ വകുപ്പ് 31A ചുമത്താൻ സാധ്യതയുള്ളത്?

(A) വ്യക്തിഗത ഉപയോഗത്തിനായി ആദ്യമായി ചെറിയ അളവിൽ സൈക്കോട്രോപിക് വസ്തുക്കളുടെ ഉപയോഗം

(B) ആവർത്തിച്ചുള്ള സൈക്കോട്രോപിക് വസ്തുക്കളുടെ ഉപഭോഗം

(C) വാണിജ്യ അളവിലുള്ള മയക്കുമരുന്ന് മരുന്നുകൾ ഉൾപ്പെടുന്ന ആവർത്തിച്ചുള്ള കുറ്റകൃത്യം

(D) നിരോധിത വസ്തു കഴിക്കാൻ ശ്രമിച്ചു.

79. വകുപ്പ് 3 പോക്സോ നിയമപ്രകാരം താഴെപ്പറയുന്നവയിൽ ഏതാണ് ''നുഴഞ്ഞുകയറ്റ ലൈംഗിക അതിക്രമം'' ആയി കണക്കാക്കുന്നത്?

(A) കുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിൽ സമ്മതമില്ലാതെ സ്പർശിക്കൽ

(B) ഒരു കുട്ടിക്ക് അശ്ലീല സന്ദേശങ്ങൾ അയയ്ക്കുമെന്ന് ഭീഷണിപ്പെടുത്തൽ

(C) ഒരു കുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിൽ ഏതെങ്കിലും വസ്തു തിരുകൽ

(D) ഒരു കുട്ടിക്ക് അശ്ലീല വസ്തുക്കൾ കാണിക്കൽ

80. പോക്സോ നിയമത്തിലെ വകുപ്പ് 22 തെറ്റായ പരാതി ഫയൽ ചെയ്യുന്നതിനുള്ള ശിക്ഷ നൽകുന്നു. ഈ വിഭാഗവുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(A) ശിക്ഷിക്കപ്പെടാത്ത പരാതി നൽകുന്ന ഏതൊരു വ്യക്തിയും ശിക്ഷാർഹനാണ്

(B) ഒരു കുട്ടി നൽകുന്ന തെറ്റായ പരാതികൾ ശിക്ഷാർഹമല്ല

(C) ഈ വകുപ്പ് പ്രകാരം പോലിസ് ഉദ്യോസ്ഥർക്ക് മാത്രമേ ശിക്ഷ ലഭിക്കൂ

(D) ഈ വകുപ്പ് പ്രകാരമുള്ള ശിക്ഷ കുറ്റകൃത്യത്തേക്കാൾ കഠിനമാണ്

81. സോമൻ, വിധു, ഇന്ദു ഇവ ഏതിന്റെ പര്യായ പദങ്ങളാണ്.

(A) ചന്ദ്രൻ
(B) ചന്ദ്രിക
(C) ദ്യോവ്
(D) സൂര്യൻ

82. തെറ്റായ പദമേത്?

(A) ഐച്ഛികം
(B) യാദൃച്ഛികം
(C) അനാച്ഛാദനം
(D) വൃച്ഛികം

83. നാകം എന്നതിന്റെ വിപരീതം പദമേത്?

(A) നുകം
(B) നാഗം
(C) നരകം
(D) നഗരം

84. 'ചെയ്യേണ്ടതു ചെയ്ത' എന്നർത്ഥം വരുന്ന പദമേത്

(A) കൃതകാര്യ
(B) കൃതകൃത്യ
(C) കൃതജ്ഞ
(D) കൃതഘ്ന

85. ശരിയായ വാക്യം തിരഞ്ഞെടുക്കുക

(A) ഓരോരുത്തർക്കും പ്രത്യേകമായി ഓരോ പുസ്തകം കൊടുക്കണം

(B) ഓരോരുത്തർക്കും പ്രത്യേകിച്ച് ഓരോ പുസ്തകം കൊടുക്കണം

(C) ഓരോരുത്തർക്കും പ്രത്യേകമായി പുസ്തകങ്ങൾ കൊടുക്കണം

(D) ഓരോരുത്തർക്കും ഓരോ പുസ്തകം കൊടുക്കണം

86. നിധ്വാനം എന്ന പദത്തിന്റെ അർത്ഥം

(A) ശപഥം
(B) ശബ്ദം
(C) ശത്രു
(D) ശതദ്രു

87. എരിതീയിൽ എണ്ണയൊഴിക്കുക എന്ന ശൈലിയുടെ ഉചിതമായ പരിഭാഷ ഏത്
   (A) To add fuel to the fire
   (B) To add oil to fire
   (C) To add fuel to the flame
   (D) To add oil to the flame

88. താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ബഹു വചന രൂപമല്ലാത്തത് ഏത്?
   (A) മക്കൾ
   (B) ആണുങ്ങൾ
   (C) അമ്മമാർ
   (D) പെങ്ങൾ

89. ജഗന്മനസ്സ് പിരിച്ചെഴുതുക.
   (A) ജഗല് + മനസ്സ്
   (B) ജഗത് + മനസ്സ്
   (C) ജഗൻ + മനസ്സ്
   (D) ജഗൽ + മനസ്സ്

90. ആലത്തൂർക്കാക്ക എന്ന ശൈലിയുടെ അർത്ഥമെന്ത്?
   (A) ശ്ലോകത്തിൽ കഴിക്കുന്നവൻ
   (B) ഒറ്റുകാരൻ
   (C) ആശിച്ചു കാലം കഴിക്കുന്നവൻ
   (D) അവസാനം കാണുന്നവൻ

**91. Identify the word with the correct spelling.**
   **(A) conscensus**
   **(B) consensus**
   **(C) concesus**
   **(D) Concsensus**

**92. Which is the plural form of the word "cactus"?**
   **(A) cacti**
   **(B) cactuses**
   **(C) cactus**
   **(D) cactusses**

93. Fill in the blank with the appropriate article.

"I need ______ new laptop for my work."

(A) a

(B) an

(C) the

(D) no article

94. Choose the correct form of the verb to complete the sentence:

"Neither the team nor the coach ______ satisfied with the result."

(A) is

(B) are

(C) has

(D) have

95. Convert the following sentence into passive voice.

"My mother prepared a delicious meal."

(A) A delicious meal is prepared by my mother.

(B) A delicious meal was prepared by my mother.

(C) My mother was preparing a delicious meal.

(D) My mother prepares a delicious meal.

96. Choose the correct option to complete the sentence:

"She performed ______ in the dance competition."

(A) good

(B) well

(C) better

(D) best

97. Identify the antonym for the word "benevolent."

(A) Malevolent

(B) Compassionate

(C) Altruistic

(D) Generous

98. What does ATM commonly refer to in banking?

(A) Advanced Transaction Module

(B) Automatic Transfer Mechanism

(C) Automated Teller Machine

(D) Account Transfer Management

99. Which of the following is a synonym for "voracious"?

(A) insatiable

(B) indifferent

(C) Modest

(D) Reluctant

100. Which sentence is grammatically correct?

(A) She don't like pizza

(B) She doesn't like pizza

(C) She not likes pizza

(D) She is not like pizza

## SPACE FOR ROUGH WORK

## SPACE FOR ROUGH WORK